(ഡി) എങ്കിൽ അത് വായ്പ എടുക്കുന്ന ആളിന് കൂടുതൽ ബുദ്ധിമുട്ടുണ്ടാക്കുന്നതിനിടയാക്കുമെന്നതിനാൽ ഇത്തരം വായ്പ എടുക്കുന്നവരുടെ താല്പര്യം സംരക്ഷിക്കാനുള്ള പരിപാടികൾകൂടി പ്രസ്തുത പദ്ധതിയുടെ ഭാഗമാക്കുവാൻ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഈടാക്കുന്നതാണ്.

(സി) ഈ വായ്പാ പദ്ധതി നിലവിലുള്ള സഹകരണ സ്ഥാപനങ്ങൾ, അവയുടെ ബൈലായിലോ ഉപ നിബന്ധനയിലോ ടി വായ്പ നൽകുന്നതിൽ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡമനുസരിച്ചാണ് പിഴപലിശ കണക്കാക്കുന്നത്.

(ഡി) 2 ശതമാനം മുതൽ 3 ശതമാനം വരെയാണ് പിഴപലിശ ഈടാക്കി വരുന്നത്. ഇത് വായ്പക്കാർക്ക് അധികഭാരം വരുത്തുന്നില്ല.

കർഷകരുടെ പുരോഗതിക്കാവശ്യമായ സഹകരണ ബാങ്ക് പദ്ധതികൾ

156 [2283] ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ:

,, അടൂർ പ്രകാശ്:

,, എൻ. ഡി. അപ്പച്ചൻ:

,, എം. കെ. പോൾസ്റ്റൺ മാസ്റ്റർ:

,, ഡൊമനിക് പ്രസന്റേഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകരുടെ പുരോഗതിക്കാവശ്യമായ പദ്ധതികളുടെ വയബിളായ പ്രോജക്ട് റിപ്പോർട്ട് സമർപ്പിക്കുന്ന ഏതെങ്കിലും പാടശേഖരത്തിലേയോ പ്രദേശത്തേയോ അപേക്ഷകർക്ക് വായ്പ നൽകുവാൻ സംസ്ഥാന സഹകരണ ബാങ്കിനോ ജില്ലാ സഹകരണ ബാങ്കിനോ പരിപാടിയുണ്ടോ;

(ബി) ഇല്ലാത്തപക്ഷം ഇത്തരം പദ്ധതികൾക്കുകൂടി സാമ്പത്തിക സഹായവും വായ്പയും നൽകുന്നതിനുള്ള പരിപാടികൾ ആവിഷ്ക്കരിക്കുമോ;

(സി) സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക് ഇത്തരം പദ്ധതികൾ വിഭാവന ചെയ്യുന്നുണ്ടോയെന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇല്ല.

(ബി) ഇത്തരം പദ്ധതികൾക്ക് അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്ക് അർഹത നോക്കി പരിഗണിക്കുന്നതാണെന്ന് ബാങ്കുകൾ അറിയിച്ചിട്ടുണ്ട്.

(സി) കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക് വായ്പാ പദ്ധതികൾ നടപ്പിലാക്കുന്നത് താലൂക്ക് തലത്തിൽ പ്രവർത്തിക്കുന്ന പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകളിലൂടെയാണ്. കർഷക പുരോഗതിക്ക് സഹായകമാകുന്ന സാദ്ധ്യമായ ഏത് പദ്ധതിയും വ്യക്തിഗത വായ്പ അനുവദിക്കുവാൻ നിലവിലുള്ള വായ്പാ പദ്ധതികൾ മുഖേന സാധിക്കുന്നതാണ്. കൂട്ടായ പരിപാടികളുടെ ഗുണഭോക്താക്കളായ വ്യക്തികൾക്ക് വായ്പ നൽകുവാൻ യാതൊരു തടസ്സവുമില്ല. കർഷകരുടെ കൂട്ടായ്മയ്ക്ക് (ഗ്രൂപ്പിന്) അതാത് പ്രാഥമിക സഹകരണ കാർഷിക ഗ്രാമവികസന ബാങ്കുകളുടെ നിയമാവലി അനുവദിക്കുമെങ്കിൽ വായ്പ അനുവദിക്കുന്നതിന് സംസ്ഥാന കാർഷിക ഗ്രാമവികസന ബാങ്ക് സന്നദ്ധമാണെന്ന് അറിയിച്ചിട്ടുണ്ട്.

ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരമുള്ള ഇളവുകൾ

157 [2284] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന-ജില്ലാ സഹകരണ ബാങ്കുകളുടെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിപ്രകാരം കുടിശ്ശിക അടയ്ക്കുന്നവർക്ക് ഇളവുകൾ നൽകുന്നത് സംബന്ധിച്ച് ഈ വർഷം രജിസ്ട്രാർ നൽകിയ എല്ലാ ഉത്തരവുകളുടേയും ഓരോ കോപ്പി ലഭ്യമാക്കാമോ;

(ബി) ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി അവസാനിക്കുന്നത് എന്നാണ്;

(സി) ബാങ്കുകളെ സംബന്ധിച്ച് നോൺ പെർഫോമിംഗ് അസറ്റ് ആയിട്ടുള്ള കുടിശ്ശിക ഒറ്റത്തവണയായോ, പത്ത് തുല്യ ഗഡുക്കളായോ അടയ്ക്കുന്നവർക്ക് എന്തെല്ലാം ഇളവുകളാണ് ഇപ്പോൾ കൂടുതലായി പ്രഖ്യാപിച്ചിട്ടുള്ളത്;

(ഡി) ഈ ഇനത്തിൽ സംഘങ്ങൾക്കുണ്ടാകുന്ന ബാദ്ധ്യത സംസ്ഥാന സഹകരണ ബാങ്കും സർക്കാരും ചേർന്ന് നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly